**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3371** **25-10-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ മേഖലയിൽ നിർമ്മിതി കേന്ദ്രത്തിന്റെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭവനനിർമ്മാണ വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഭവന നിർമ്മാണ വകുപ്പിനു കീഴിലുള്ള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 14-ാം പഞ്ചവത്സര പദ്ധതി (2022-2027) കാലയളവിൽ 3 മുതൽ 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന ഭൂ-ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് സർക്കാർ ധനസഹായത്തോടെ ദുർബല/താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി, വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിൽസ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ആശ്വാസ് വാടക വീട് പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഭവന പദ്ധതി, ഗൃഹശ്രീ പദ്ധതി, ട്രാൻസ് ജെൻഡർ വിഭാഗത്തിന് സുകൃതം പദ്ധതി, വൃദ്ധജനങ്ങൾക്ക് സായാഹ്ന സദനം പദ്ധതി, വനിതകൾക്ക് രാത്രി കാലങ്ങളിൽ സുരക്ഷിതമായി വിശ്രമിക്കുന്നതിനായി സ്ത്രീ സുരക്ഷ പദ്ധതി, ചേരിനിവാസികളുടെ പുനരധിവാസം, എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി, റവന്യു ടവർ/മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പദ്ധതി, 4-6 ലക്ഷം രൂപ വാർഷിക വരുമാനമുള്ളവർക്ക് Rebuild Kerala പദ്ധതിയിലുൾപ്പെടുത്തി കുറഞ്ഞ ചെലവിൽ പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിന് കൈരളി ശ്രീ ഭവന പദ്ധതി മുതലായവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് . കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്) എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ഫിനിഷിംഗ് സ്കൂൾ ആരംഭിക്കുന്നതിനും, കെസ്നിക് കാമ്പസുകൾ കെട്ടിട |

| | | | |
|---|---|---|---|
| | | | നിർമ്മാണ മേഖലകളുമായി ബന്ധപ്പെട്ട മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും, നിർമ്മാണ മേഖലയിലെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കുന്നതിനും, കെസ്നിക് ക്യാമ്പസുകൾ നിർമ്മാണ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് ഒരു facilitator ആയി പ്രവർത്തിക്കുന്നതിനും, രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ നിർമ്മാണ രീതി അവലംബിച്ച് വിവിധ നിർമ്മിതികളുടെ ഒരു പാർക്ക്, നിർമ്മാണ മേഖലയിലെ വിവിധ കോഴ്സുകൾക്കായുള്ള പഠന കേന്ദ്രങ്ങൾ, എക്സിബിഷൻ സെന്ററുകൾ തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തിയുള്ള വിപുലമായ ഹൗസിംഗ് പാർക്ക് നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | നിർമ്മിതി കേന്ദ്രം സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ ഏതെല്ലാം തരത്തിലാണ് ഇടപെടുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യകൾ വികസിപ്പിക്കുക, പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രവർത്തിച്ചു വരുന്നത്. നിർമ്മാണ മേഖലയിലെ വിഷയങ്ങളിൽ സാങ്കേതിക സേവനം നൽകുക, Consultancy പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുക, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുക, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം, നിർമ്മാണ മേഖലകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള പരിശോധന ലാബുകൾ നടത്തുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും വീട് വയ്ക്കുന്നതുമായ ഗുണഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ കമ്പി, സിമന്റ് നൽകുന്ന ന്യായവില വിപണനകേന്ദ്രമായ കലവറകളുടെ നടത്തിപ്പ് എന്നിവയാണ് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തന മേഖലകൾ. |
| (സി) | നിർമ്മിതി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ വസ്തുക്കൾ കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന ന്യായവില വിപണന കേന്ദ്രമായ 16 കലവറകൾ മുഖേന ബി.പി.എൽ. ഗുണഭോക്താക്കൾ, സർക്കാരിന്റെ വിവിധ പദ്ധതികളിൽ വീട് വയ്ക്കുന്നവർ എന്നിവർക്ക് സിമന്റ്, കമ്പി എന്നിവ സൗജന്യ നിരക്കിൽ നൽകി വരുന്നുണ്ട്.കൂടാതെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അതാത് പഞ്ചായത്തുകളുടെ സഹകരണത്തോടെ കലവറയുടെ സേവനം ലഭ്യമാക്കി, ആവശ്യക്കാർക്ക് സിമന്റ്, കമ്പി എന്നിവ നൽകുന്നതിനും പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ